"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.അഭിലാഷ് വി.പി, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-II - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1929/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

പരാമർശം:-

1. സ.ഉ (സാധാ) നം.3950/2017/തസ്വഭവ തീയതി 08.12.2017
2. നഗരകാര്യകാര്യ ഡയറക്ടറുടെ 26.02.2018, 03.02.2020, 03.02.2022 തീയതികളിലെ ഇ2-2643/18 നമ്പർ ഉത്തരവ്
3. 20.07.2023 ലെ സ.ഉ (സാധാ) നം.1480/2023/തസ്വഭവ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2024,23.06.2024 തിയതികളി ലെ LSGD/PD/14484/2024-IE1 നമ്പർ കത്തുകൾ
5. . അക്കൗണ്ടന്റ് ജനറലിന്റെ 11.09.2024 ലെ GE07/C നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-2 തസ്തികയിൽ സ്ഥാനക്കയറ്റം വഴി നിയമിതനായ ശ്രീ.അഭിലാഷ് വി.പി, പ്രസ്തുത തസ്തികയിൽ 08.12.2017 തീയതിയിൽ സേവനം ആരംഭിക്കുകയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) ലെ ഉത്തരവുകൾ പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. അവധി കഴിഞ്ഞ് പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതും 20.07.2023 AN പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസോ നിലവിലില്ലായെന്നും, ശ്രീ.അഭിലാഷ് വി.പി യുടെ സ്വയം വിലയിരുത്തൽ ഫോം, ജോലിയും സ്വഭാവവും സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ സഹിതം ടിയാന്റെ പ്രബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2) ശ്രീ.അഭിലാഷ് വി.പി, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-2 തസ്തികയിൽ 08.12.2017 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നെങ്കിലും ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കാതെ ശൂന്യവേതനാവധി എടുക്കുകയും അതിനു ശേഷം 20.07.2023 AN ന് തിരികെ ജോലിയിൽ പ്രവേശിച്ചതായി സൂചിപ്പിച്ചിരിക്കുന്നതിനാൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച പ്രാബല്യത്തീയതി 21.07.2023 ആണ്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 2 തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷക്കാലയളവിനുള്ളിൽ ആറു മാസത്തെ ഡ്യൂട്ടിയാണ്. ടി ആറുമാസത്തെ ഡ്യൂട്ടി പൂർത്തീകരിച്ചത് 20.01.2024 ലാണ്. ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ പ്രവേശിച്ച ശ്രീ.അഭിലാഷ് വി.പി-യുടെ പ്രൊബേഷൻ കാലയളവ് തുടങ്ങുന്ന 21/07/2023 മുതൽ ടിയാൻ ടി കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്ന് പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ.അഭിലാഷ് വി പി യുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I I തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം 21.01.2024 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അഭിലാഷ് വി.പി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-10-2024 14:36:46
സെക്ഷൻ ഓഫീസർ